## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 674 10/03/2015-ൽ മറുപടിക്ക്

## കൽപ്പറ്റ നിയോജക മണ്ഡലത്തിലെ റ്റി.ആർ.ഡി.എം. പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ റ്റി.ആർ.ഡി.എം. പദ്ധതി പ്രകാരം നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ സുഗന്ധഗിരി അംബ, പൂക്കോട്കുന്ന് എന്നീ മേഖലകളിൽ 2 കുടിവെള്ള പദ്ധതികൾക്ക് വേണ്ടി 61,70,000/- രൂപ കേരള വാട്ടർ അതോറിറ്റി ഡിവിഷൻ സുൽത്താൻബത്തേരിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ നടപ്പാക്കുന്ന തടയണ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ; | (ബി) | **1) സുഗന്ധഗിരി അംബ കുടിവെള്ള പദ്ധതി**<br>തടയണ നിർമ്മാണം പൂർത്തിയായി. വാട്ടർ ടാങ്ക് നിർമ്മാണം ഒഴികെയുള്ള മുഴുവൻ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. സുഗന്ധഗിരി അംബ റോഡ് നിർമ്മാണം നടക്കുന്നതിനാൽ റോഡ് ഗതാഗതം തടസ്സപ്പെട്ടിരിക്കുന്നതിനാൽ പ്രദേശത്തേക്ക് വാഹനങ്ങളിൽ സാമഗ്രികൾ കൊണ്ടുപോകുവാൻ സാധിക്കുന്നില്ല. റോഡ് നിർമ്മാണം പൂർത്തിയായ ഉടൻതന്നെ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതാണ്.<br>**2) പൂക്കോട്കുന്ന് കുടിവെള്ള പദ്ധതി**<br>പമ്പ് സെറ്റ് സ്ഥാപിക്കൽ ഉൾപ്പെടെയുള്ള മുഴുവൻ നടപടികളും പൂർത്തികരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (സി) | 2015 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കാനാവുമെന്ന് കേരള വാട്ടർ അതോറിറ്റി സുൽത്താൻ ബത്തേരി ഡിവിഷൻ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**